പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4532 04.02.2014 -ൽ മറുപടി നൽകേണ്ടത്

## ഡെപ്യൂട്ടി കളക്ടർ പി.എസ്.സി. റാങ്ക് ലിസ്റ്റ്

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
ബഹു. റവന്യൂവും കയറും
വകുപ്പ് മന്ത്രി.

(എ) ഡെപ്യൂട്ടി കളക്ടർ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ എപ്പോഴാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര ഒഴിവുകൾ വന്നിട്ടുണ്ട് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഒഴിവുകളിൽ എത്ര പേർക്ക് തസ്തിക മാറ്റം പ്രകാരം പ്രമോഷൻ നൽകുമെന്നും എത്ര പേർക്ക് നേരിട്ടുള്ള നിയമനം നൽകുമെന്നും അറിയിക്കുമോ ;

(ഡി) ആകെയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണത്തിന്റെ എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനത്തിന് പരിഗണിക്കുക എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന് തൊട്ടുമുമ്പുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നേരിട്ടുള്ള നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ?

(എ) ഉണ്ട്.

17.01.2014-ൽ നിലവിൽ വന്നു പ്രസ്തുത റാങ്ക് ലിസ്റ്റിൽ തൊണ്ണൂറ്റിയഞ്ച് (95) ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) & (സി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഡെപ്യൂട്ടി കളക്ടർമാരുടെ ഒരു (01) ഒഴിവ് വന്നിട്ടുണ്ട്. ഈ ഒഴിവ് ലാന്റ് റവന്യൂ വകുപ്പിലെ തഹസീൽദാർമാരിൽ നിന്നും തസ്തിക മാറ്റം വഴി നികത്തേണ്ടതായതിനാൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള അഞ്ച് (05) ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതിന് മുമ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(ഡി) ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ സബ്സ്റ്റാന്റീവ് ഒഴിവുകളുടെ അഞ്ചിലൊന്ന് (1/5) അഥവാ 20% ആണ് സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നത്.

(ഇ) പതിനേഴ് (17) ഉദ്യോഗാർത്ഥികൾക്ക്

സെക്ഷൻ ആഫീസർ